**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 839** **28-01-2026 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സംവിധാനം സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ആറ്റിങ്ങൽ തിരുവാറാട്ടുകാവിലെ ക്ഷേത്ര കലാപീഠത്തിലെ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സംവിധാനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം വകുപ്പിന്റെ പരിഗണനയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ആറ്റിങ്ങൽ തിരുവാറാട്ടുകാവിലെ ക്ഷേത്ര കലാപീഠത്തിലെ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സംവിധാനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം വകുപ്പിന്റെ പരിഗണനയിൽ വന്നിട്ടില്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ആറ്റിങ്ങൽ തിരുവാറാട്ടുകാവിലെ ക്ഷേത്ര കലാപീഠം പ്രവർത്തിക്കുന്ന കെട്ടിടത്തിൽ തന്നെയാണ് വിദ്യാർത്ഥികളുടെ താമസസ്ഥലവും ഒരുക്കിയിട്ടുള്ളത്. ക്ഷേത്ര കലാപീഠത്തിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ടി കെട്ടിടത്തിൽ ബാത്ത്റൂമുകളുടെ പ്ലംബിംഗ്, മെയ്ന്റനൻസ് പ്രവർത്തികൾ, ഫാനുകൾ മാറ്റി സ്ഥാപിക്കുക, വയറിംഗ് സിസ്റ്റത്തിലെ അപാകതകൾ പരിഹരിക്കുക, ബെഡുകൾ സജ്ജീകരിക്കുക, പരിസരത്തുള്ള കാടുകൾ വെട്ടിത്തെളിക്കുക എന്നീ പ്രവർത്തികൾ നിർവഹിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മരാമത്ത് വിഭാഗം മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ